# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1850 16-02-2016-ൽ മറുപടിയ്ക്ക്

## നികുതിപിരിവ് കാര്യക്ഷമമാക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ. എം. ഉമ്മർ | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | നികുതി കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**<u>മോട്ടോർ വാഹന വകുപ്പ്</u>**<br><br>നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നു.<br><br>**<u>ലാന്റ് റവന്യൂ</u>**<br><br>വിവിധ സ്റ്റേ ഇനങ്ങളിൽപ്പെട്ട കേസ്സുകളിൽ സ്റ്റേയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.  സ്റ്റേയിൽനിന്ന് ഒഴിവാക്കി നികുതികൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതി ഓരോമാസവും വിലയിരുത്തുന്നുണ്ട്.<br><br>**<u>രജിസ്ട്രേഷൻ വകുപ്പ്</u>**<br><br>അണ്ടർ വാല്യൂവേഷൻ കുടിശ്ശിക പിരിച്ചെടുത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജില്ലാ രജിസ്ട്രാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകി പ്രതിമാസം ലഭിക്കുന്ന വരുമാനം നിരീക്ഷിച്ചുവരുന്നു.<br><br>**<u>എക്സൈസ് വകുപ്പ്</u>**<br><br>അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും ഊർജ്ജിത നടപടി സ്വീകരിക്കുവാൻ ജില്ലാ അധികാരികൾക്ക് ശക്തമായ നിർദ്ദേശംനൽകുകയും ചെയ്തിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനസ്റ്റി സ്കീം വിവിധ കാലയളവുകളിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>**<u>വാണിജ്യ നികുതി വകുപ്പ്</u>**<br><br>നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്.  ഇതിലേയ്ക്കായി റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കിയിട്ടുണ്ട്.  ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അമരവിളയിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ ഇതിനകം |

| | | | |
|---|---|---|---|
| | | | നടപ്പാക്കിയിട്ടുണ്ട്. സി.സി.റ്റി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കാനും നടപടി സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക വഴിയും അന്യ സംസ്ഥാനങ്ങളിൽനിന്നു വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടിവഴിയും നികുതി വെട്ടിപ്പ് പരമാവധി തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വകുപ്പുതല റവന്യൂ റിക്കവറി നടപടികളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനിയും നികുതി നിർണ്ണയവും ഫലപ്രദമാക്കുന്നതിനായി കേന്ദ്രീകൃത ഡാറ്റാ മൈനിംഗ് സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** | നികുതി പിരിവ് സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **(ബി)** | ലാന്റ് റവന്യൂ വകുപ്പിൽ നികുതി പിരിവ് മോണിറ്റർ ചെയ്യുന്നതിനായി വില്ലേജ്, താലൂക്ക്, ജില്ലാ തലങ്ങളിൽ നിന്നും പ്രതിമാസ സ്റ്റേറ്റ് മെന്റുകൾ നിശ്ചിത പ്രഫോർമയിൽ വാങ്ങുകയും ആയത് വിലയിരുത്തി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ, താലൂക്ക് തലങ്ങളിൽ നികുതി പിരിവ് നടപടികൾ ഊർജ്ജിതമാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ) - ന്റെ നേതൃത്വത്തിൽ ഒരു യൂണിറ്റ് സ്ഥിരം സംവിധാനമായി പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിംഗ് എല്ലാ ഓഫീസുകളിലും നികുതി |

| | | | |
|---|---|---|---|
| | | | പിരിവ് സംബന്ധിച്ച നടപടികൾ പരിശോധനാ വിധേയമാക്കുന്നു.<br><br>രജിസ്ട്രേഷൻ വകുപ്പിൽ ജില്ലാ രജിസ്ട്രാർമാരുടെ പ്രതിമാസയോഗത്തിൽ, നികുതി പിരിവ് സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നുണ്ട്. നികുതി പിരിവ് സംബന്ധിച്ച കാര്യങ്ങൾ വിവിധ തലങ്ങളിൽ ആഡിറ്റിംഗിന് വിധേയമാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ വകുപ്പിൽ ഇക്കണോമിക് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.<br><br>വാണിജ്യനികുതി വകുപ്പിൽ നികുതി പിരിവിന്റെ പുരോഗതി വിലയിരുത്താനായി എല്ലാ മാസവും ഡെപ്യൂട്ടി കമ്മീഷണർമാരുടെ റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്. കൂടാതെ ഒരു ടാക്സ് മോണിറ്ററിംഗ് സെല്ലും നിലവിലുണ്ട്.<br><br>എക്സൈസ് വകുപ്പിൽ, ഓരോ ശീർഷകത്തിലും ലഭിക്കുന്ന എക്സൈസ് വരുമാനത്തിന്റെ കണക്കുകൾ റവന്യൂ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (റിംസ്) എന്ന പേരിലുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പനചെയ്ത് അവലോകനം നടത്തിവരുന്നു. |
| **(സി)** | വിലനിലവാരം സംബന്ധിച്ച വിവരശേഖരണത്തിനായി വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(സി)** | വാണിജ്യ നികുതി വകുപ്പിൽ വിലനിലവാരം സംബന്ധിച്ച വിവര ശേഖരണത്തിനായി വില നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ലാന്റ് റവന്യൂ വകുപ്പിൽ ഓൺലൈൻ സംവിധാനം ഉൾപ്പെടെ ഒരു പുതിയ സോഫ്റ്റ്‌വെയർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി 'ടാക്സേഷൻ വിംഗ്' രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്.<br><br>നികുതി പിരിവ് ശാസ്ത്രീയമായി അവലോകനം ചെയ്യുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയുടെ ചോർച്ച തടയുന്നതിനുമായി രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ യൂണിറ്റ് ചീഫായി ഇക്കണോമിക് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി ഡാറ്റാ മൈനിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. വകുപ്പിന്റെ സർവ്വർ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതനുസരിച്ച് ഇന്റലിജൻസ് വിഭാഗത്തെ ഉപയോഗപ്പെടുത്തി നികുതി നിർണ്ണയവും അതിനനുബന്ധമായ നികുതി പിരിവും വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

Jeeyesh

സെക്ഷൻ ഓഫീസർ.